1) **<u>19.06.2020 ചൊവ്വാഴ്ച 10.30 എ.എം.-ന് ബഹു: ജിസിഡിഎ ചെയർമാൻ അഡ്വ.വി. സലീം അവർകളുടെ അദ്ധ്യക്ഷതയിൽ കൂടിയ 516-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ നടപടികൾ.</u>**

**<u>ഹാജർ</u>**

1) അഡ്വ. വി.സലീം, ചെയർമാൻ, ജിസിഡിഎ.
2) ശ്രീ. കെ.ജെ. മാക്സി, ബഹു. എം.എൽ.എ., കൊച്ചി.
3) ശ്രീ. എം. സ്വരാജ്, ബഹു. എം.എൽ.എ., തൃപ്പൂണിത്തുറ.
4) ശ്രീ. ഗോപകുമാർ, ജില്ലാ ടൗൺ പ്ലാനർ, നഗര-ഗ്രാമാസൂത്രണ വകുപ്പ്, എറണാകുളം.
5) ശ്രീ. എ. സുരേഷ്കുമാർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, നിരത്തുകളും പാലങ്ങളും.
6) ശ്രീമതി. ജിനുമോൾ വർഗ്ഗീസ്, സെക്രട്ടറി, ജിസിഡിഎ.

**<u>1. തീരുമാനം നമ്പർ 1/2020-21</u>**

*28.01.2020 ൽ കൂടിയ 514-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ.*

28.01.2020-ൽ കൂടിയ 514-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനങ്ങൾ വായിച്ച് അംഗീകരിച്ചു.

**<u>2. തീരുമാനം നമ്പർ 2/2020-21</u>**

*27.02.2020 ൽ കൂടിയ 515-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി (ബഡ്ജറ്റ്) യോഗ തീരുമാനങ്ങൾ.*

27.02.2020-ൽ കൂടിയ 515-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി (ബഡ്ജറ്റ്) യോഗ തീരുമാനങ്ങൾ വായിച്ച് അംഗീകരിച്ചു.

**<u>3. തീരുമാനം നമ്പർ 3/2020-21</u>**

*30.12.2019-ൽ കൂടിയ 513-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാനങ്ങളുടെ തുടർ നടപടിക്കുറിപ്പ്.*

30.12.2019-ൽ കൂടിയ 513-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗതീരുമാനങ്ങളുടെ തുടർ നടപടികുറിപ്പ് വായിച്ച് റെക്കോഡ് ചെയ്തു.

**<u>4. തീരുമാനം നമ്പർ 4/2020-21</u>**

*ജി.സി.ഡി.എ. - എസ്റ്റേറ്റ് വിഭാഗം - അതോറിറ്റി വക കൊച്ചി മറൈൻ ഡ്രൈവ് ഗ്രൗ□ ് പാർക്കിംഗ് ഏരിയ - പാർക്കിംഗ് ഫീസ് പിരിവ് - 16.01.2020 തീയതിയിലെ ടെ□ ർ/ലേലം - ശ്രീ. വിബിൻ ജോൺസണിന് അലോട്ട്മെന്റ് ഉത്തരവ് നൽകിയ നടപടി - സാധൂകരണം - സംബന്ധിച്ച്. (92/എസ്റ്റേറ്റ്/ബി-3/2020/ജിസിഡിഎ)*

അതോറിറ്റി വക കൊച്ചി മറൈൻ ഡ്രൈവ് ഗ്രൗ ് പാർക്കിംഗ് ഏരിയയിൽ നിന്നും പാർക്കിംഗ് ഫീസ് പിരിക്കുന്നതിനുവേ ി 16.01.2020 തീയതിയിൽ നടന്ന ടെ റിൽ ഏറ്റവും കൂടുതൽ തുക വാഗ്ദാനം ചെയ്ത ശ്രീ. വിബിൻ ജോൺസണിന് പാർക്കിംഗ് ഫീസ് പിരിക്കുന്നതിനുള്ള അവകാശം 01.02.2020 മുതൽ 31.01.2021 വരെ അനുവദിച്ച് അലോട്ട്മെന്റ് ഉത്തരവ് നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**5. തീരുമാനം നമ്പർ 5/2020-21**

*ജി.സി.ഡി.എ. - റവന്യൂ വിഭാഗം - സി.എം.ഡി.എസ്. - ബി-39 - കടമുറി കൈമാറ്റം ചെയ്യുന്നത് - സംബന്ധിച്ച്.*
*(സി.5/15488/ബി.39/സി.എം.ഡി.എസ്./ജിസിഡിഎ)*

അതോറിറ്റി വക മറൈൻ ഡ്രൈവ് വാണിജ്യ സമുച്ചയത്തിലെ ബി-39 കടമുറി ശ്രീ. എ.ജെ. ജോയിയിൽ നിന്നും ശ്രീ. പി.പി.എം. ഡൊമിനിക്കിന് കൈമാറ്റം ചെയ്ത നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**6. തീരുമാനം നമ്പർ 6/2020-21**

*ജി.സി.ഡി.എ. - റവന്യൂ വിഭാഗം - സി.എം.ഡി.എസ്. - ഒ.എസ്.-43 - വാടക ഇളവ് - സംബന്ധിച്ച്.*
*(സി.5/153/ഒ.എസ്.-43/സി.എം.ഡി.എസ്./ജിസിഡിഎ)*

അതോറിറ്റി വക മറൈൻ ഡ്രൈവ് വാണിജ്യ സമുച്ചയത്തിലെ ഒ.എസ്.-43 ഓഫീസ് മുറിയിൽ മുൻ അലോട്ടി നടത്തിയ മരാമത്ത് പ്രവൃത്തികൾ നീക്കം ചെയ്യുന്നതിന് ഇപ്പോഴത്തെ അലോട്ടിയ്ക്ക് ചെലവായ തുകയിൽ എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ റിപ്പോർട്ട് പ്രകാരമുള്ള തുകയായ ഇരുപതിനായിരം രൂപ നിലവിലുള്ള അലോട്ടിയായ മെ. പി.എ.ബി. & അസ്സോസിയേറ്റ്സിന്റെ വാടകയിനത്തിൽ കുറവ് ചെയ്ത് നൽകുന്നതിന് തീരുമാനിച്ചു.

**7. തീരുമാനം നമ്പർ 7/2020-21**

*ജി.സി.ഡി.എ. - റവന്യൂ I വിഭാഗം - എടത്തല ഭവന പദ്ധതി 2-ാം ഘട്ടം വീട് നമ്പർ-III-6 കൈമാറ്റം - സംബന്ധിച്ച്.*
*(സി.7/1304/Rev/EHS-II/III-6/ജിസിഡിഎ)*

ജിസിഡിഎയുടെ എടത്തല ഭവന പദ്ധതി 2-ാം ഘട്ടം വീട് നമ്പർ III-6, ശ്രീമതി. കലാമണിയുടെ പേരിൽ നിന്നും ശ്രീ. മുഹമ്മദ് ഷഫീക്കിന്റെ പേരിലേയ്ക്ക് കൈമാറ്റം ചെയ്ത് നൽകുന്നതിന് തീരുമാനിച്ചു.

**8. തീരുമാനം നമ്പർ 8/2020-21**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - കലൂർ-കടവന്ത്ര റോഡ് റീച്ച്-I കടവന്ത്ര മുതൽ കതൃക്കടവ് ROB North End portion റോഡ് റീസർഫസിംഗും അനുബന്ധ പ്രവർത്തികളും - വർക്ക് ഓർഡർ സാധൂകരണം - സംബന്ധിച്ച്.*
*(ഇ.1/9646/2018/ജിസിഡിഎ)*

കലൂർ-കടവന്ത്ര റോഡ് റീച്ച്-I കടവന്ത്ര മുതൽ കതൃക്കടവ് ROB North End portion റോഡ് റീസർഫേസിംഗും അനുബന്ധ പ്രവൃത്തികളും എന്ന വിഷയത്തിന്റെ അജ യിൽ ലോക്കൽ മാർക്കറ്റ് റേറ്റും ഡി.എസ്.ആർ. റേറ്റും ക്വാട്ട് ചെയ്ത നിരക്കും താരതമ്യം ചെയ്ത് കുറവ് ഏത് നിരക്കിലാണ് എന്ന് കൂടി രേഖപ്പെടുത്തണമായിരുന്നെന്ന് എക്സിക്യൂട്ടീവ് എഞ്ചിനീയർ (റോഡ്സ് & ബ്രിഡ്ജസ്) സൂചിപ്പിച്ചു.

അജ കുറിപ്പിൽ വിവരിച്ചത് പ്രകാരം പ്രവൃത്തി മഴക്ക് മുമ്പ് ചെയ്യേ തിനാലും പലതവണ കോടതിയിൽ റോഡ് സംബന്ധിച്ച വിഷയങ്ങൾ ചർച്ചയിൽ വന്നതിനാലും ആയത് നന്നാക്കണമെന്ന ബഹു. ഹൈക്കോടതി ഉത്തരവ് ഉള്ളതിനാലും ര ാമത് ടെ ർ സിംഗിൾ ടെ ർ നിരക്ക് ന്യായമായതിനാലും M/s. Mary Sadan Project–ന്റെ നിരക്ക് അംഗീകരിച്ച് വർക്ക് ഓർഡർ നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**<u>9. തീരുമാനം നമ്പർ 9/2020–21</u>**

*ജി.സി.ഡി.എ. – റവന്യൂ വിഭാഗം – മറൈൻ ഡ്രൈവ് വാണിജ്യ സമുച്ചയം എ–36 കടമുറി ശ്രീ. സതീഷ് എം.ദോഷിയുടെ പേരിൽ നിന്നും ശ്രീ. മുനീർഷാ യുടെ പേരിലേയ്ക്ക് കൈമാറ്റം ചെയ്യുന്നത് – സാധൂകരണം – സംബന്ധിച്ച്.*
*(255/സി.15/എ–36/സി.എം.ഡി.എസ്./ജിസിഡിഎ)*

മറൈൻ ഡ്രൈവ് വാണിജ്യ സമുച്ചയത്തിലെ എ–36 കടമുറി ശ്രീ. സതീഷ് എം.ദോഷിയുടെ പേരിൽ നിന്നും ശ്രീ. മുനീർഷായുടെ പേരിലേയ്ക്ക് കൈമാറ്റം ചെയ്ത നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**<u>10. തീരുമാനം നമ്പർ 10/2020–21</u>**

*ജി.സി.ഡി.എ. – എസ്റ്റേറ്റ് വിഭാഗം – ജെ.എൻ.ഐ.എസ്. കോൺഫറൻസ് ഹാൾ (താഴത്തെ നില) – Ombudsman for LSGI's നുവേ□ 1 എറണാകുളം ഷെഡ്യൂൾഡ് സിറ്റിംഗ്സ് നടത്തുന്നതിന് – ബഹു. ജസ്റ്റിസ് കെ.കെ. ദിനേശന് സൗജന്യമായി അനുവദിച്ച് നൽകിയത് – സംബന്ധിച്ച്.*
*(9652/എസ്റ്റേറ്റ്/എ.3/2019/ജിസിഡിഎ)*

2019 ഡിസംബർ 16, 17, 18 & 2020 ജനുവരി 16, 17, 18 തീയതികളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വേ ിയുള്ള ഓംബുഡ്സ്മാന്റെ ക്യാമ്പ് സിറ്റിംഗ് നടത്തുന്നതിന് വേ ി ബഹു. ജസ്റ്റിസ് കെ.കെ. ദിനേശന് അതോറിറ്റി വക ജെ.എൻ.ഐ.എസ്. കോൺഫറൻസ് ഹാൾ സൗജന്യമായി അനുവദിച്ച് നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**<u>11. തീരുമാനം നമ്പർ 11/2020–21</u>**

*ജി.സി.ഡി.എ. – എഞ്ചിനീയറിംഗ് വിഭാഗം – അതോറ്റിയിൽ ഇലക്ട്രിക്കൽ പ്രവർത്തിയുടെ മേൽനോട്ടം വഹിക്കുന്ന പാനലിനും ഇലക്ട്രിക്കൽ സംബന്ധമായ കാര്യങ്ങൾക്കും ഉപദേശം വേ□ 1 വരുന്നതിന് തുക നൽകുന്നത് – സംബന്ധിച്ച്.*
*(ഇ.1/8082/2018/ജിസിഡിഎ)*

അതോറിറ്റിയിൽ ഇലക്ട്രിക്കൽ പ്രവർത്തിയുടെ ദൈനംദിന ചുമതലകൾ ചെയ്യുന്നതിന് ദിവസ വേതനാടിസ്ഥാനത്തിൽ പാനലിൽ ഉള്ള ഇലക്ട്രിക്കൽ എഞ്ചിനീയറുടെ സഹായം തേടുന്നതിനും ആയതിന് സർക്കാരിന്റെ അസിസ്റ്റന്റ് എഞ്ചിനീയർ ഇലക്ട്രിക്കലിന്റെ ബേസിക് പേ കണക്കാക്കി ദിവസവേതനം നൽകുന്നതിനും തീരുമാനിച്ചു.

**12. തീരുമാനം നമ്പർ 12/2020–21**

*ജി.സി.ഡി.എ. – റവന്യൂ II വിഭാഗം കടമുറി നമ്പർ 12–WJHS കലൂരിന് സമീപം സി.ഡി. വ്യാപാരത്തിൽ നിന്നും ചിക്കൻ വ്യാപാരത്തിലേക്ക് മാറ്റം വരുത്തുന്നത് – സംബന്ധിച്ച്. (സി.4/8243/2006/ജിസിഡിഎ)*

അജ കുറിപ്പിൽ വിവരിച്ചത് പ്രകാരം അതോറിറ്റി വക വർക്കിംഗ് ജേർണലിസ്റ്റ് കോളനി കലൂരിന് സമീപമുള്ള ഷോപ്പിംഗ് സെന്ററിലെ കടമുറി 12–ന്റെ ഉപയോഗമാറ്റം അധിക സെക്യൂരിറ്റി നിക്ഷേപമായി 36,084/– രൂപ കൂടി അടവാക്കി അനുവദിക്കുന്നതിനും കരാർ പുതുക്കുന്നതിനും തീരുമാനിച്ചു.

**13. തീരുമാനം നമ്പർ 13/2020–21**

*ജി.സി.ഡി.എ. – എസ്റ്റേറ്റ് വിഭാഗം – രാജേന്ദ്ര മൈതാനം – വളർത്തുമൃഗങ്ങളുടെ Adoption Drive നടത്തുന്നതിന് Dhyan Foundation എന്ന സംഘടനയ്ക്ക് സൗജന്യമായി അനുമതി നൽകിയത് – സംബന്ധിച്ച്.*
*(8631/എസ്റ്റേറ്റ്/എ.3/2019/ജിസിഡിഎ)*

മൃഗങ്ങളുടെ അഭിവൃദ്ധിക്കുവേ ി പ്രവൃത്തിക്കുന്ന സംഘടനയാണ് Dhyan Foundation എന്നത് പരിഗണിച്ച് വളർത്തുമൃഗങ്ങളുടെ അഡോപ്ഷൻ ഡ്രൈവ് നടത്തുന്നതിന് അതോറിറ്റി വക രാജേന്ദ്ര മൈതാനം Dhyan Foundation –ന് 02.02.2020 തീയതിയിൽ സൗജന്യമായി അനുവദിച്ച് നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**14. തീരുമാനം നമ്പർ 14/2020–21**

*ജി.സി.ഡി.എ. – റവന്യൂ വിഭാഗം – മറൈൻ ഡ്രൈവ് വാണിജ്യ സമുച്ചയം – എസ്–74.എ കടമുറി കൈമാറ്റം ചെയ്യുന്നത് – സംബന്ധിച്ച്.*
*(11530/എസ്–74.എ/സി.15/സി.എം.ഡി.എസ്./ജിസിഡിഎ)*

അതോറിറ്റി വക മറൈൻ ഡ്രൈവ് വാണിജ്യ സമുച്ചയത്തിലെ എസ്–74.എ കടമുറി, 13.07.2019–ലെ കോടതി വിധി പ്രകാരമുള്ള ടി കടമുറിയുടെ വാടക അവാർഡ് പ്രകാരം നിശ്ചയിച്ച തുക അടിസ്ഥാന വാടകയായി കണക്കാക്കി മൂന്ന് വർഷത്തേയ്ക്ക് ശ്രീ. ഷാജി വി. ജോണിന്റെ പേരിൽ നിന്നും ശ്രീ. പി.എസ്. സലാഹുദ്ദിന്റെ പേരിലേയ്ക്ക് കൈമാറ്റം ചെയ്ത് നൽകുന്നതിന് തീരുമാനിച്ചു.

**15. തീരുമാനം നമ്പർ 15/2020–21**

*ജി.സി.ഡി.എ. – എഞ്ചിനീയറിംഗ് വിഭാഗം – കെ.കെ. റോഡ് കടവന്ത്ര മുതൽ കതൃക്കടവ് ആർ.ഒ.ബി. വരെ Pothole Filling എസ്റ്റിമേറ്റ് തുക അധികരിച്ചത് സാധൂകരണം – സംബന്ധിച്ച്.*
*(ഇ.1/1086/2017/ജിസിഡിഎ)*

ബഹു. ഹൈക്കോടതിയുടെ കർശന ഉത്തരവിന്റെ അടിസ്ഥാനത്തിൽ കെ.കെ. റോഡ് കടവന്ത്ര മുതൽ കതൃക്കടവ് ആർ.ഒ.ബി. വരെ Pathole filling പ്രവൃത്തിയിൽ സൈറ്റിലെ

പ്രത്യേക സാഹചര്യത്താൽ അളവുകൾ അധികരിച്ച് 6,44,161/– രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് അംഗീകരിച്ച് പ്രവൃത്തി ചെയ്ത നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**16. തീരുമാനം നമ്പർ 16/2020–21**

*ജി.സി.ഡി.എ. – എസ്റ്റേറ്റ് വിഭാഗം – മറൈൻ ഡ്രൈവ് ചീനവല പാലത്തിന്റെ അടിവശത്തായി 20.7 ച.മീറ്റർ സ്ഥലം മെ. ഭാമ വെൻചേഴ്സിന് അനുവദിച്ച് നൽകിയ നടപടി സാധൂകരണം – സംബന്ധിച്ച്. (522/എസ്റ്റേറ്റ്/ബി–4/2019/ജിസിഡിഎ)*

മറൈൻ ഡ്രൈവ് ചീനവലപ്പാലത്തിന്റെ അടിവശത്തായി 20.07 ച.മീറ്റർ സ്ഥലം വാക്‌വേ പരിപാലന അനുബന്ധ ഉപകരണങ്ങൾ സൂക്ഷിക്കുന്നതിനും ടി പ്രവൃത്തികൾ ചെയ്യുന്ന ജോലിക്കാർക്ക് വിശ്രമിക്കുന്നതിനും വ്യവസ്ഥകളോടെ മെ. ഭാമ വെൻചേഴ്സിന് അനുവദിച്ച് നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു. കൂടാതെ ഒരു വർഷത്തേയ്ക്ക് അനുവദിച്ച് നൽകിയാൽ മതിയെന്നും തീരുമാനിച്ചു.

**17. തീരുമാനം നമ്പർ 17/2020–21**

*ജി.സി.ഡി.എ. – എസ്റ്റേറ്റ് വിഭാഗം – മറൈൻ ഡ്രൈവ് മൈതാനം – അന്താരാഷ്ട്ര പുസ്തകോത്സവം നടത്തുന്നതിന് സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന് വാടകയ്ക്ക് അനുവദിച്ചത് – കെ.എസ്.ഇ.ബി. കോംപാക്ട് സബ്സ്റ്റേഷൻ സ്ഥാപിച്ചത് – സംബന്ധിച്ച്. (2713/എസ്റ്റേറ്റ്/എ.3/2017/ജിസിഡിഎ)*

മറൈൻ ഡ്രൈവ് മൈതാനത്ത് അന്താരാഷ്ട്ര പുസ്തകോത്സവം നടക്കുന്ന വേളയിൽ കെ.എസ്.സി.ബി. സ്ഥാപിച്ച കോംപാക്ട് സബ്ബ് സ്റ്റേഷൻ തുടർന്നും അവിടെ തന്നെ നിലനിർത്തണമെന്ന കെ.എസ്.ഇ.ബി.–യുടെ അപേക്ഷ വിശദമായി ചർച്ച ചെയ്തു. സി.എസ്.എസ്. യുണിറ്റ് ഉപയോഗിക്കുന്നതുവഴി അന്തരീക്ഷ മലിനീകരണം ഒഴിവാക്കുന്നതാണെന്നത് പരിഗണിച്ചും സി.എസ്.എസ്. സ്ഥാപിച്ചിരിക്കുന്നത് ഒതുങ്ങിയ സ്ഥലത്തായതിനാലും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉ ാകാത്ത രീതിയിലാണ് എന്നത് പരിഗണിച്ചും സി.എസ്.എസ്. യൂണിറ്റ് അവിടെ തന്നെ നിലനിർത്തുന്നതിന് കെ.എസ്.സി.ബി.യ്ക്ക് അനുമതി നൽകുന്നതിന് തീരുമാനിച്ചു.

ഗ്രൗ ് അലോട്ടികളിൽ നിന്നും സി.എസ്.എസ്. ഉപയോഗപ്പെടുത്തുന്നതിന് ഉപയോഗിക്കുന്ന ദിവസം 350/– രൂപ വെച്ച് ഈടാക്കുന്നതിന് തീരുമാനിച്ചു.

**18. തീരുമാനം നമ്പർ 18/2020–21**

*ജി.സി.ഡി.എ. – റവന്യൂ വിഭാഗം – മറൈൻ ഡ്രൈവ് വാണിജ്യ സമുച്ചയത്തിലെ ബി–46 കടമുറി ട്രാൻസ്ഫർ – സംബന്ധിച്ച്. (3464/ബി–46/സി.5/സി.എം.ഡി.എസ്./ജിസിഡിഎ)*

ശ്രീ. സാംസൺ ഐസക്കിന് അലോട്ട് ചെയ്തിട്ടുള്ള മറൈൻ ഡ്രൈവ് വാണിജ്യ സമുച്ചയത്തിലെ ബി–46 കടമുറി ടിയാന്റെ പേരിൽ നിന്നും ശ്രീ. സലാഹുദ്ദീന്റെ പേരിലേയ്ക്ക് നടപടി ക്രമങ്ങൾ പാലിച്ച് കൈമാറ്റം ചെയ്ത് നൽകുന്നതിന് തീരുമാനിച്ചു.

**19. തീരുമാനം നമ്പർ 19/2020–21**

*ജി.സി.ഡി.എ. – റവന്യൂ വിഭാഗം – ബഹു. ചെയർമാന്റെ നിർദ്ദേശ പ്രകാരം ജിസിഡിഎ കോൺഫറൻസ് ഹാളിൽ വെച്ച് വാടക വർദ്ധനവിനെതിരെ പരാതികൾ നൽകിയിട്ടുള്ള വിവിധ വാണിജ്യ സമുച്ചയങ്ങളിലെ അലോട്ടികളുമായി അതോറിറ്റി അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ 07.01.2020–ൽ നടത്തിയ കൂടിക്കാഴ്ചയിൽ എടുത്തിട്ടുള്ള പൊതുവായ തീരുമാനങ്ങൾ അംഗീകരിക്കുന്നത് – സംബന്ധിച്ച്. (10034/സി.4/2019/ജിസിഡിഎ)*

വാടക വർദ്ധനവിനെതിരെ പരാതി നൽകിയ അതോറിറ്റിയുടെ അധീനതയിലുള്ള വിവിധ വാണിജ്യ സമുച്ചയങ്ങളിലെ അലോട്ടികൾക്കായി 07.01.2020–ന് നടത്തിയ കൂടിക്കാഴ്ചയിൽ അജ   കുറിപ്പിൽ വിവരിച്ചത് പ്രകാരം നിശ്ചയിച്ച വാടക നിരക്കും പൊതുവായ തീരുമാനങ്ങളും അംഗീകരിക്കുന്നതിന് തീരുമാനിച്ചു.

**<u>20. തീരുമാനം നമ്പർ 20/2020–21</u>**

*ജി.സി.ഡി.എ. – എസ്റ്റേറ്റ് വിഭാഗം – ജെ.എൻ.ഐ.എസ്. കടമുറികൾ ഡി–2105, ജി–3108, സി.എം.ഡി.എസ്. ഓഫീസ് സ്പേസ് നമ്പർ ഒ.എസ്.–14 എന്നിവ അനുവദിച്ച് നൽകിയ നടപടി സാധൂകരണം – സംബന്ധിച്ച്. (9825/എസ്റ്റേറ്റ്/ബി.4/2019/ജിസിഡിഎ)*

അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള വാണിജ്യ സമുച്ചയങ്ങളിലെ കടമുറികൾ/ഓഫീസ് സ്പേസുകൾ വാടകയ്ക്ക് നൽകുന്നതിനായി 23.01.2020–ൽ നടന്ന ടെ   റിൽ കൂടുതൽ തുക വാഗ്ദാനം ചെയ്തവർക്ക് താഴെ പറയും പ്രകാരം അനുവദിച്ച് നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

a) ജെ.എൻ.ഐ.എസ്. ഡി–2105 – ശ്രീ. നോയൽ സെജി.
b) ജെ.എൻ.ഐ.എസ്. ജി–3108 ശ്രീമതി. റോസ്ലി ബിജു.
c) സി.എം.ഡി.എസ്. ഒ.എസ്.–14 – മെ. ആഷ്ടെൽ മൊബൈൽസ് പ്രൈ. ലിമി.

**<u>21. തീരുമാനം നമ്പർ 21/2020–21</u>**

*ജി.സി.ഡി.എ. – എസ്റ്റേറ്റ് വിഭാഗം – കസ്തൂർബാനഗർ ഗ്രൗ□ ˘ – പുതുവത്സരാഘോഷണങ്ങൾ നടത്തുന്നതിന് – Dream Thoughts Sports & Arts Club കസ്തൂർബാനഗറിന് സൗജന്യമായി അനുവദിച്ച് നൽകിയത് – സംബന്ധിച്ച്. (10185/എസ്റ്റേറ്റ്/എ.3/2019/ജിസിഡിഎ)*

പുതുവത്സരാഘോഷങ്ങൾ നടത്തുന്നതിന് കസ്തൂർബാനഗർ ഗ്രൗ ˘ Dream Thoughts Sports & Arts Club–ന് 31.12.2019–ൽ സൗജന്യമായി അനുവദിച്ച് നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**<u>22. തീരുമാനം നമ്പർ 22/2020–21</u>**

*ജി.സി.ഡി.എ. – റവന്യൂ വിഭാഗം – മറൈൻ ഡ്രൈവ് വാണിജ്യ സമുച്ചയം – ഒ.എസ്.–35 മുറി – കരാർ രജിസ്റ്റർ ചെയ്യുന്നത് – സംബന്ധിച്ച്. (17844/സി.5/ഒ.എസ്.–35/സി.എം.ഡി.എസ്./ജിസിഡിഎ)*

CIAL ബഹു. കേരള മുഖ്യമന്ത്രി ചെയർമാനായ ഒരു പൊതുമേഖല സ്ഥാപനം എന്നത് പരിഗണിച്ചും CIAL–ന് അനുവദിച്ച് നൽകിയിട്ടുള്ള മറൈൻ ഡ്രൈവ് വാണിജ്യ സമുച്ചയത്തിലെ ഒ.എസ്. 35, 36 മുറിയുടെ വാടക മുടക്കം കൂടാതെ അടവാക്കിപ്പോരുന്നത് പരിഗണിച്ചും CIAL പ്രവർത്തിച്ച് വരുന്ന ഓഫീസ് മുറിയുടെ വാടക കരാർ മുൻകാലയളവ് ഒഴിവാക്കികൊ ്, സെക്യൂരിറ്റി തുക ഈടാക്കി അടുത്ത മൂന്ന് വർഷത്തേയ്ക്ക് കരാർ രജിസ്റ്റർ ചെയ്യുന്നതിന് തീരുമാനിച്ചു.

**23. തീരുമാനം നമ്പർ 23/2020–21**

*ജി.സി.ഡി.എ. – റവന്യൂ വിഭാഗം – കലൂർ ജെ.എൻ.ഐ. സ്റ്റേഡിയത്തിലെ എഫ്–1104 കടമുറിയുടെ ഉപയോഗമാറ്റം – സംബന്ധിച്ച്.*
*(11408/സി.12/എഫ്.1104/ജെ.എൻ.ഐ.എസ്./ജിസിഡിഎ)*

കോവിഡ്–19 ന്റെ പശ്ചാത്തലത്തിൽ ബ്യൂട്ടി സലൂണിലേയ്ക്കുള്ള ഉപയോഗ മാറ്റമായതിനാൽ ഒന്നുകൂടി പരിശോധിക്കുന്നതിന് വേ ി വിഷയം മാറ്റി വച്ചു.

**24. തീരുമാനം നമ്പർ 24/2020–21**

*ജി.സി.ഡി.എ. – റവന്യൂ വിഭാഗം – കലൂർ മണപ്പാട്ടിപറമ്പ് ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറി നമ്പർ എ.1 ന്റെ വാടക വർദ്ധനവ് തീരുമാനം – സംബന്ധിച്ച്.*
*(8816/സി–18/2017/ജിസിഡിഎ)*

30.05.2018–ലെ 38/2018–19 നമ്പർ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാന പ്രകാരം അതോറിറ്റി നടപ്പിലാക്കിയ വാടക വർദ്ധനവിനെതിരെ പരാതി നൽകിയ കലൂർ മണപ്പാട്ടിപ്പറമ്പ് ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറി നമ്പർ എ–1 ന്റെ അലോട്ടി ശ്രീ. പി.ജെ. ജയിംസിന് 20.11.2019–ൽ നടന്ന കൂടിക്കാഴ്ചയിൽ വാടക കുടിശ്ശിക അടവാക്കുന്നതിന് 12 ഗഡുക്കൾ അനുവദിച്ചത് 6 ഗഡുക്കൾ ആയി കുറവ് ചെയ്യുന്നതിന് തീരുമാനിച്ചു. മറ്റ വ്യവസ്ഥകൾ അംഗീകരിക്കുന്നതിനും തീരുമാനിച്ചു.

**25. തീരുമാനം നമ്പർ 25/2020–21**

*ജി.സി.ഡി.എ. – ധനകാര്യ വിഭാഗം – ജിസിഡിഎ എംപ്ലോയീസ് പെൻഷൻ ഫ ് ട്രസ്റ്റിന്റെ – ട്രഷറിയിലുള്ള സ്ഥിര നിക്ഷേപങ്ങളുടെ പലിശ വരവ് വയ്ക്കുന്നതിനുള്ള Type 1 TSB (inst) അക്കൗ ് തുടങ്ങുന്നത് – സംബന്ധിച്ച്.*
*(13212/എഫ്.ഡി.3/1994/ജിസിഡിഎ)*

അതോറിറ്റി പെൻഷൻകാർക്ക് പെൻഷൻ നൽകിവരുന്നത് ജിസിഡിഎ എംപ്ലോയീസ് പെൻഷൻ ഫ ് ട്രസ്റ്റിന്റെ സ്ഥിര നിക്ഷേപങ്ങളിൽ നിന്നും ലഭിക്കുന്ന പലിശയിൽ നിന്നാകയാൽ ട്രഷറി സ്ഥിര നിക്ഷേപങ്ങളുടെ പലിശ വരവ് വയ്ക്കുന്നതിന് പുതുതായി Type-1 TSB (inst) ആക്കൗ ് തുടങ്ങുന്നതിന് തീരുമാനിച്ചു.

**26. തീരുമാനം നമ്പർ 26/2020–21**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - കോടതി സമുച്ചയം - High Mast Light System സ്ഥാപിക്കുന്നത് സംബന്ധിച്ച് തുക ചിലവഴിക്കുന്നത് - സംബന്ധിച്ച്.*
*(164/ഇ.3/2018/ജിസിഡിഎ)*

അജ കുറിപ്പിൽ വിവരിച്ചത് പ്രകാരം ജില്ലാ കോടതി സമുച്ചയത്തിൽ ഹൈമാസ്റ്റ് ലൈറ്റ് ജിസിഡിഎ തനത് ഫ ് ഉപയോഗിച്ച് സ്ഥാപിച്ച നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**27. തീരുമാനം നമ്പർ 27/2020-21**

*ജി.സി.ഡി.എ. - റവന്യു വിഭാഗം - മറൈൻഡ്രൈവ് വാണിജ്യ സമുച്ചയം - എസ്.-22 കടമുറി കൈമാറ്റം - സംബന്ധിച്ച്.*
*(17960/സി-15/എസ്-22/സി.എം.ഡി.എസ്./ജിസിഡിഎ)*

അജ കുറിപ്പിൽ വിവരിച്ചത് പ്രകാരം 09.11.2016-ൽ ശ്രീ. കെ.ഡി. ജോസ് സമർപ്പിച്ച ഫോം-I അപേക്ഷയും ശ്രീ. കുഞ്ഞുമുഹമ്മദ് എം.എം. സമർപ്പിച്ച ഫോം-II അപേക്ഷയും പിന്നീട് നടന്ന കൂടിക്കാഴ്ചകളും പരിഗണിച്ച് എസ്-22 കടമുറി ശ്രീ. കെ.ഡി. ജോസിന്റെ പേരിൽ നിന്നും ശ്രീ. എം.എം. കുഞ്ഞുമുഹമ്മദിന്റെ പേരിലേയ്ക്ക് കൈമാറ്റം ചെയ്ത് നൽകുന്നതിന് തീരുമാനിച്ചു.

**28. തീരുമാനം നമ്പർ 28/2020-21**

*ജി.സി.ഡി.എ. - എസ്റ്റേറ്റ് വിഭാഗം -എൽ.എ.ആർ. 148/90, 153/90 നമ്പർ കേസുകളിൽ എഗ്രിമെന്റ് കാലാവധിക്കുള്ളിൽ വിധികട തുക അടവ് വരുത്തുന്നതിൽ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരായ നടപടിയെ - സംബന്ധിച്ച്.*
*(15403/എസ്റ്റേറ്റ്/എ.2/1990/ജിസിഡിഎ)*

വിഷയം ബഹു. സർക്കാരിനെ അറിയിക്കുന്നതിനും സർക്കാർ നിർദ്ദേശ പ്രകാരം നടപടി സ്വീകരിക്കുന്നതിനും തീരുമാനിച്ചു.

**29. തീരുമാനം നമ്പർ 29/2020-21**

*ജി.സി.ഡി.എ. - റവന്യൂ I വിഭാഗം - ആർ.ആർ. നടപടിയിലുള്ള കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റിന് സമീപമുള്ള ബങ്കുകളുടെ പലിശ ഒഴിവാക്കുന്നത് - സംബന്ധിച്ച്.*
*(6102/1999/ബി-53/ജിസിഡിഎ)*

കെ.എസ്.ആർ.ടി.സി.യ്ക്ക് സമീപമുള്ള ബങ്ക് ബസാറിലെ ബങ്കുകളുടെ കരാർ പ്രകാരം വാടക കുടിശ്ശികയ്ക്ക് 12% പലിശയാണ് ഈടാക്കുന്നത് എന്ന വ്യവസ്ഥയായതിനാൽ 30.08.2019-ലെ 88/2019-20 ലെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാനത്തിൽ ''പിഴപലശ ഇളവ് ചെയ്ത്''എന്ന് ചേർത്തിട്ടുള്ളത് ''പലിശ''എന്നാക്കി മാറ്റി പൂട്ടിയെടുത്ത ബങ്കുകളുടെ പലിശ ഒഴിവാക്കി കൊടുത്ത നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**30. തീരുമാനം നമ്പർ 30/2020-21**

*ജി.സി.ഡി.എ. – എസ്റ്റേറ്റ് വിഭാഗം – മറൈൻഡ്രൈവ് ഷോപ്പിംഗ് കോംപ്ലക്സ് ഓഫീസ് സ്പേസ് ഒ.എസ്.–27 ജസ്റ്റിസ് നാരായണകുറിപ്പ് എൻക്വയറി കമ്മീഷന് അനുവദിച്ച് നൽകിയ നടപടി സാധൂകരണം, കമ്മീഷന് അനുവദിച്ച് നൽകിയ ര□ ാം നിലയിലെ കാർ പാർക്കിംഗ് സ്പേസ് 26–ന്റെ വാടക ഇളവ് – സംബന്ധിച്ച്.*
*(6279/എസ്റ്റേറ്റ്/ബി–4/2019/ജിസിഡിഎ)*

മറൈൻ ഡ്രൈവ് ഷോപ്പിംഗ് കോംപ്ലക്സ് ഓഫീസ് സ്പേസ് ഒ.എസ്.–27 ജസ്റ്റിസ് നാരായണകുറുപ്പ് എൻക്വയറി കമ്മീഷന് അനുവദിച്ച് നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു. ബഹു. സർക്കാർ നിയമിതമായതിനാലും കുറഞ്ഞ കാലയളവിലേയ്ക്ക് ഉള്ളത് എന്നത് പരിഗണിച്ചും ര ാം നിലയിലെ കാർ പാർക്കിംഗ് സ്പേസ് നമ്പർ–26 ന്റെ 16.07.2019 തീയതി മുതലുള്ള വാടക ഇളവ് ചെയ്ത് നൽകുന്നതിനും തീരുമാനിച്ചു.

**<u>31. തീരുമാനം നമ്പർ 31/2020–21</u>**

*ജി.സി.ഡി.എ. – എസ്റ്റേറ്റ് വിഭാഗം – പനമ്പിള്ളിനഗർ കോംപ്ലക്സ് – ഫ്ളാറ്റ് I, II എന്നിവയുടെ വാടക നിരക്ക് വർദ്ധിപ്പിക്കുന്നത് – സംബന്ധിച്ച്.*
*(4227/എസ്റ്റേറ്റ്/ബി.2/2017/ജിസിഡിഎ–പാർട് ഫയൽ)*

അതോറിറ്റി വക പനമ്പിള്ളിനഗർ കോംപ്ലക്സിലെ ഫ്ളാറ്റ് I, II എന്നിവയുടെ വാടക സ്ക്വയർ ഫീറ്റിന് 14/– രൂപ (പ്രതിമാസം) നിരക്കിൽ വർദ്ധിപ്പിക്കുന്നതിന് തീരുമാനിച്ചു.

**<u>32. തീരുമാനം നമ്പർ 32/2020–21</u>**

*ജി.സി.ഡി.എ. – എഞ്ചിനീയറിംഗ് വിഭാഗം – 2017–18 വർഷത്തേക്കുള്ള ജിസിഡിഎ ഓഫീസ് കെട്ടിടം സ്റ്റാഫ് ക്വാർട്ടേഴ്സ് മറ്റ് കെട്ടിടങ്ങൾ എന്നിവടങ്ങളിൽ നടത്തിയ അറ്റകുറ്റപ്പണികൾ – റിവൈസ്ഡ് എസ്റ്റിമേറ്റിന്റെ അംഗീകാരം – സംബന്ധിച്ച്.*
*(572/ഇ.4/2017/ജിസിഡിഎ)*

2017–18 വർഷത്തേയ്ക്കുള്ള ജിസിഡിഎ ഓഫീസ് കെട്ടിടം, സ്റ്റാഫ് ക്വാർട്ടേഴ്സ് എന്നിവയിൽ നടത്തിയ അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട് വിശദാംശങ്ങൾ (ഏതെല്ലാം പ്രവൃത്തി, അളവുകൾ, തുക തുടങ്ങിയവ) ലഭ്യമാക്കുന്നതിന് തീരുമാനിച്ചു.

**<u>33. തീരുമാനം നമ്പർ 33/2020–21</u>**

*ജി.സി.ഡി.എ. – എഞ്ചിനീയറിംഗ് വിഭാഗം – കലൂർ മാർക്കറ്റ് നവീകരണം – നികുതി ഘടനയിലെ വ്യതിയാനം തുക നൽകുന്നത് – സംബന്ധിച്ച്.*
*(3368/ഇ.1/2015/ജിസിഡിഎ)*

വിഷയം വിശദമായി ചർച്ച ചെയ്തു. അജ കുറിപ്പിൽ വിവരിച്ച കാരണങ്ങൾ പരിഗണിച്ച് കലൂർ മാർക്കറ്റ് നവീകരണ പ്രവൃത്തികളുടെ വേളയിൽ ജി.എസ്.ടി. പ്രാബല്യത്തിൽ വന്നതിനാൽ നികുതി ഘടനയിലെ മാറ്റം മൂലമു ായ അധിക തുക (7%) അതോറിറ്റി വഹിക്കുന്നതിന് തീരുമാനിച്ചു.

**<u>34. തീരുമാനം നമ്പർ 34/2020–21</u>**

*ജി.സി.ഡി.എ. - എഞ്ചിനീയറിംഗ് വിഭാഗം - മറൈൻ ഡ്രൈവ് ഷോപ്പിംഗ് കോംപ്ലക്സ് - വാട്ടർ പ്രൂഫിംഗ് പ്രവൃത്തി ചെയ്യുന്നത് - സംബന്ധിച്ച്.*
*(ഇ.3/7345/2016/ജിസിഡിഎ)*

അജ കുറിപ്പിൽ വിവരിച്ചത് പ്രകാരം സി.എം.ഡി.എസ്. വാട്ടർ പ്രൂഫിംഗ് പ്രവർത്തിക്ക് 83,00,000/- രൂപയുടെ എസ്റ്റിമേറ്റ് അംഗീകരിച്ച് ടെ ർ ചെയ്ത നടപടി സാധൂകരിക്കുന്നതിനും കരാറുകാരന്റെ നെഗോഷ്യേഷൻ അംഗീകരിച്ച് വർക്ക് ഓർഡർ (46,89,540/- രൂപ + ജി.എസ്.ടി. അധികം) നൽകുന്നതിനും തീരുമാനിച്ചു.

**<u>35. തീരുമാനം നമ്പർ 35/2020-21</u>**

*ജി.സി.ഡി.എ. - പൊതുഭരണ വിഭാഗം - അതോറിറ്റിയുടെ ലീഗൽ അഡ്വൈസർ ശ്രീ. പി.വി. ഉദയന്റെ കരാർ നിയമനം ഒരു വർഷത്തേക്ക് കൂടി പുതുക്കൽ അംഗീകാരം - സംബന്ധിച്ച്.*
*(37701/ജി.3/2017/ജിസിഡിഎ)*

അതോറിറ്റിയിൽ ലീഗൽ അഡ്വൈസറുടെ സേവനം അനിവാര്യമായതിനാൽ 22.02.2017 ലെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാന പ്രകാരം കരാറടിസ്ഥാനത്തിൽ ലീഗൽ അഡ്വൈസറായി നിയമിച്ച ശ്രീ. പി.വി. ഉദയന്റെ സേവനം 12.05.2020 മുതൽ ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് നൽകുന്നതിനും ആയതിന് ബഹു. സർക്കാർ അംഗീകാരം ലഭ്യമാക്കുന്നതിനും തീരുമാനിച്ചു.

**<u>36. തീരുമാനം നമ്പർ 36/2020-21</u>**

*ജി.സി.ഡി.എ. - എസ്റ്റേറ്റ് വിഭാഗം അതോറിറ്റി വക വിവിധ പാർക്കിംഗ് ഏരിയകളുടെ ടെ ർ/ലേലം - കോവിഡ്-19 - പകർച്ച വ്യാധി - ലോക്ക്ഡൗൺ നിലവിലും തുടരുന്ന സാഹചര്യത്തിൽ പാർക്കിംഗ് കാലാവധി - പാർക്കിംഗ് കരാറുകാർക്ക് 4 മാസത്തേയ്ക്ക് ദീർഘിപ്പിച്ച് നൽകുന്നത് - സംബന്ധിച്ച്.*
*(1633/എസ്റ്റേറ്റ്/ബി.3/2020/ജിസിഡിഎ)*

കോവിഡ്-19 പകർച്ച വ്യാധിയുടെ രോഗവ്യാപനം തടയുന്നതിന്റെ ഭാഗമായി ബഹു. സർക്കാർ 24.03.2020 മുതൽ ഔദ്യോഗികമായി ലോക്ക് ഡൗൺ പ്രഖ്യാപിച്ചതിനാലും ജൂൺ 30 വരെ ലോക്ക് ഡൗൺ ഇളവുകളോടെയാണ് തുടരുന്നതെങ്കിലും പകർച്ച വ്യാധി മൂലം ജനജീവിതം സാധാരണ ഗതിയിലായിട്ടില്ലാത്തതിനാലും അതോറിറ്റി വക വിവിധ പാർക്കിംഗ് ഏരിയയിലെ വിവിധ പാർക്കിംഗ് ഏരിയകളുടെ കരാറുകാർക്ക് പരമാവധി 4 മാസത്തേയ്ക്ക് അധിക തുക ഈടാക്കാതെ കരാർ കാവാവധി നീട്ടി നൽകുന്നതിന് തീരുമാനിച്ചു.

**<u>37. തീരുമാനം നമ്പർ 37/2020-21</u>**

*ജി.സി.ഡി.എ. - ജീവനക്കാര്യം - ശ്രീമതി. പി.ആർ. ഉഷാകുമാരി, സീനിയർ ടൗൺ പ്ലാനർക്ക് ജിസിഡിഎ സെക്രട്ടറി തസ്തികയുടെ പൂർണ്ണ അധിക ചുമതല വഹിച്ച കാലയളവിൽ ചാർജ്ജ് അലവൻസ് അനുവദിക്കുന്നതിന് സർക്കാരിൽ അപേക്ഷിക്കുന്നത് - സംബന്ധിച്ച്.*
*(4268/എസ്റ്റാ.2/2018/ജിസിഡിഎ).*

ബഹു. സർക്കാർ ഉത്തരവ് പ്രകാരം അതോറിറ്റി സെക്രട്ടറിയുടെ പൂർണ്ണ അധിക ചുമതലയിൽ നിയമിതയായ എറണാകുളം റീജിയണൽ ടൗൺ പ്ലാനിംഗ് ഓഫീസിലെ സീനിയർ ടൗൺ പ്ലാനർ ശ്രീമതി. പി.ആർ. ഉഷാകുമാരിക്ക് ചുമതല വഹിച്ച കാലയളവിൽ ശമ്പള പരിഷ്ക്കരണ ഉത്തരവ് പ്രകാരമുള്ള പൂർണ്ണ അധിക ചുമതലയുടെ ചാർജ്ജ് അലവൻസ് അനുവദിക്കുന്നതിന് ബഹു. സർക്കാരിൽ അപേക്ഷിക്കുന്നതിന് തീരുമാനിച്ചു.

**38. തീരുമാനം നമ്പർ 38/2020–21**

*ജി.സി.ഡി.എ. – എസ്റ്റേറ്റ് വിഭാഗം – അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള എളംകുളം വില്ലേജ് സർവ്വേ നമ്പർ 892/1–ൽപ്പെട്ട സ്ഥലം ശ്രീ. എൻ.എം. പുഷ്പൻ, ശ്രീ. പി.വി. ഉദയൻ എന്നിവർക്ക് അനുവദിക്കുന്നത് – സംബന്ധിച്ച്.*
*(5673/എസ്റ്റേറ്റ്/ബി.1/2017/ജിസിഡിഎ)*

വിഷയം മാറ്റി വയ്ക്കുന്നതിന് തീരുമാനിച്ചു.

**39. തീരുമാനം നമ്പർ 39/2020–21**

*ജി.സി.ഡി.എ. – എസ്റ്റേറ്റ് വിഭാഗം – കലൂർ ജെ.എൻ.ഐ.എസ്. കോംപ്ലക്സ് – കടമുറി നമ്പർ എച്ച്–1107 – അലോട്ട്മെന്റ് സാധൂകരണം – സംബന്ധിച്ച്.*
*(6860/എസ്റ്റേറ്റ്/ബി.2/2019/ജിസിഡിഎ)*

20.08.2019–ൽ നടന്ന ടെ ർ/ലേലത്തിൽ അതോറിറ്റിയുടെ ഉടമസ്ഥതയിലുള്ള കലൂർ ജെ.എൻ.ഐ.എസ്.–ലെ കടമുറി നമ്പർ എച്ച്–1107 ന് കൂടുതൽ നിരക്ക് വാഗ്ദാനം ചെയ്ത (67/– രൂപ/സ്ക്വ.ഫീറ്റ്) ശ്രീ. ഹാരിസ് ഹസ്സന് ടി കടമുറി അനുവദിച്ച് നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**40. തീരുമാനം നമ്പർ 40/2020–21**

*ജി.സി.ഡി.എ. – റവന്യൂ വിഭാഗം – മറൈൻ ഡ്രൈവ് വാണിജ്യ സമുച്ചയം – ലോക്ക്ഡൗൺ കാലഘട്ടത്തിൽ – വാടക, പലിശ, പാർക്കിംഗ് ഫീസ് – ഇളവുകൾ ബാധകമാക്കുന്നത് – സംബന്ധിച്ച്.*
*(2082/സി.5/ബി–9/സി.എം.ഡി.എസ്./2013/ജിസിഡിഎ)*

അതോറിറ്റിയുടെ കീഴിലുള്ള വാണിജ്യ സമുച്ചയത്തിലെ കടമുറികളുടെ വാടക, പലിശ, പാർക്കിംഗ് ഫീസ് എന്നിവയിൽ ഇളവ് നൽകുന്നത് സംബന്ധിച്ച് താഴെ പറയും പ്രകാരം തീരുമാനമെടുത്തു.

ലോക്ക് ഡൗൺ കാലയളവിൽ അവശ്യ ഭക്ഷ്യ സാധനങ്ങളുമായി (ഇറച്ചി, മീൻ, പച്ചക്കറി, മെഡിക്കൽ സ്റ്റോറുകൾ, പലചരക്ക്, അവശ്യ സേവനങ്ങൾ പ്രദാനം ചെയ്യുന്ന കടകൾ തുടങ്ങിയവ) പ്രവർത്തിച്ച കടമുറികൾക്ക് ഒരുമാസത്തെ ഇളവും, ബാക്കിയുള്ളവയ്ക്ക് ര ് മാസത്തെ ഇളവും ബഹു. സർക്കാർ അംഗീകാരം ലഭ്യമാക്കി നൽകുന്നതിന് തീരുമാനിച്ചു.

**41. തീരുമാനം നമ്പർ 41/2020–21**

*ജി.സി.ഡി.എ. - എസ്റ്റേറ്റ് വിഭാഗം - എറണാകുളം സൗത്ത് റെയിൽവേസ്റ്റേഷൻ കിഴക്കേകവാടം ര□ ാം നിലയിലുള്ള ഓഫീസ് സ്പേസ്, സൗത്ത് റെയിൽവേ ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (കൺസ്ട്രക്ഷൻ) നൽകിയ അപേക്ഷ പരിഗണിച്ച് അനുവദിച്ച് നൽകിയ നടപടി സാധൂകരണം - സംബന്ധിച്ച്.*
*(6944/എസ്റ്റേറ്റ്/ബി.4/ജിസിഡിഎ)*

റെയിൽവേ ഒരു കേന്ദ്ര സർക്കാർ സ്ഥാപനമെന്നത് പരിഗണിച്ച് 22.05/- രൂപ പ്രതി ച.അടി എന്ന നിരക്ക് അടിസ്ഥാന വാടകയേക്കാളും കൂടുതലായതിനാലും എറണാകുളം സൗത്ത് റെയിൽവേ സ്റ്റേഷൻ കിഴക്കേ കവാടം ര ാം നിലയിലുള്ള ഓഫീസ് സ്പേസ് 22.05/- രൂപ നിരക്കിൽ ആറ് മാസത്തെ വാടക സെക്യൂരിറ്റി തുകയായി നിശ്ചയിച്ച് സതേൺ റെയിൽവേ ചീഫ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ (കൺസ്ട്രക്ഷൻ)-ന് അനുവദിച്ച് നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**<u>42. തീരുമാനം നമ്പർ 42/2020-21</u>**

*ജി.സി.ഡി.എ. - ആസൂത്രണ വിഭാഗം - ജിസിഡിഎയിൽ ആർക്കിടെക്ട് പാനൽ രൂപീകരിക്കുന്നത് - സംബന്ധിച്ച്.*
*(257/പി.എൽ.3/2018/ജിസിഡിഎ)*

അജ കുറിപ്പിൽ വിവരിച്ചത് പ്രകാരം മെ. ഗണേഷ് ടെക്നിക്കൽ കൺസൾട്ടൻസി സർവ്വീസ്, മെ. പിത്തവാഡിയൻ ആന്റ് പാർട്ണേഴ്സ്, മെ. ശിൽപി ആർക്കിടെക്ട്സ്, മെ. ഇൻഡിഗോ ആർക്കിടെക്ട്സ് എന്നീ 4 സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ആർക്കിടെക്ട് പാനൽ രൂപീകരിക്കുന്നതിന് തീരുമാനിച്ചു.

**<u>43. തീരുമാനം നമ്പർ 43/2020-21</u>**

*ജി.സി.ഡി.എ. - എസ്റ്റേറ്റ് വിഭാഗം - മറൈൻ ഡ്രൈവ് ഹെലിപാഡ് മൈതാനം - ഹ്യൂ□ ായ് വാഹന പ്രദർശനം നടത്തുന്നതിന് Gradiaso Events & Entertainements Pvt. Ltd.-ന് വാടകയ്ക്ക് അനുവദിച്ച് നൽകിയത് - കൊറോണ വൈറസ് വ്യാപന പഞ്ചാത്തലത്തിൽ ക്യാൻസൽ ചെയ്തത് - തുക തിരികെ നൽകുന്നത് - സംബന്ധിച്ച്.*
*(2012/എസ്റ്റേറ്റ്/എ.3/2020/ജിസിഡിഎ)*

കൊറോണ വൈറസ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ആളുകൾ കൂട്ടം കൂടുന്നത് ഒഴിവാക്കണമെന്ന് ബഹു. സർക്കാർ നിർദ്ദേശത്തെ തുടർന്ന് അതോറിറ്റി വക വിവിധ മൈതാനങ്ങളിൽ വിവിധ പരിപാടികൾ നടത്തുന്നതിന് അനുവാദം നൽകിയത് മാറ്റി വച്ചിട്ടുള്ളതാകയാൽ പിഴ ഈടാക്കാതെ മറ്റ് തീയതികളിലേയ്ക്ക് (ലോക്ക് ഡൗൺ കാലാവധിക്ക് ശേഷം) പരിപാടി നടത്തുന്നതിന് അനുമതി നൽകുന്നതിന് തീരുമാനിച്ചു.

**<u>44. തീരുമാനം നമ്പർ 44/2020-21</u>**

*ജി.സി.ഡി.എ. - എസ്റ്റേറ്റ് വിഭാഗം - മറൈൻ ഡ്രൈവ് മൈതാനം (3 ഏക്കർ) - കൺവെൻഷൻ നടത്തുന്നതിന് വാടകയ്ക്ക് അനുവദിച്ചത് - കൊറോണ വൈറസ് വ്യാപന പശ്ചാത്തലത്തിൽ ക്യാൻസൽ ചെയ്തത് - അടവാക്കിയ തുക തിരികെ നൽകുന്നത് - സംബന്ധിച്ച്.*
*(1648/എസ്റ്റേറ്റ്/എ.3/2020/ജിസിഡിഎ)*

ലോകത്തെമ്പാടും ഭീതി പടർത്തുന്ന കൊറോണ വൈറസ് വ്യാപന പശ്ചാത്തലത്തിൽ ആളുകൾ കൂട്ടം കൂടുന്നത് ഒഴിവാക്കണമെന്ന കേന്ദ്ര–സംസ്ഥാന സർക്കാർ നിർദ്ദേശം ലഭിച്ചതിനാൽ 01.03.2020 മുതൽ 23.03.2020 വരെയും ലോക്ക്ഡൗൺ കാലാവധിയായ 24.03.2020 മുതൽ 30.06.2020 വരെയും ഉള്ള കാലയളവിൽ ഗ്രൗ ് ബുക്കിംഗ് ക്യാൻസലേഷൻ നടത്തിയിട്ടുള്ള വിവിധ അലോട്ടികളിൽ നിന്നും ഗ്രൗ ് അലോട്ട്മെന്റ് വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കാതെ മുഴുവൻ വാടക തുകയും സെക്യൂരിറ്റി തുകയും അപേക്ഷകർക്ക് തിരികെ നൽകുന്നതിന് തീരുമാനിച്ചു. പരിപാടി മാറ്റി വച്ചിട്ടുള്ള അലോട്ടികളിൽ നിന്നും പിഴ തുക ഈടാക്കാതെ പുതുക്കിയ തീയതികളിൽ (ലോക്ക് ഡൗണിന് ശേഷം) മൈതാനം ഒഴിവുള്ള പക്ഷം അനുവദിക്കുന്നതിന് തീരുമാനിച്ചു.

**45. തീരുമാനം നമ്പർ 45/2020–21**

*ജി.സി.ഡി.എ. – എഞ്ചിനീയറിംഗ് വിഭാഗം – കെ.കെ. റോഡ് കടവന്ത്ര മുതൽ കതൃക്കടവ് ROB North End നവീകരണ പ്രവർത്തികൾ – സംബന്ധിച്ച്.*
*(ഇ.1/9646/2018/ജിസിഡിഎ)*

കെ.കെ. റോഡ് കടവന്ത്ര മുതൽ കതൃക്കടവ് ROB North End നവീകരണ പ്രവർത്തികൾ ചെയ്യുന്ന വേളയിൽ സൈറ്റിലെ പ്രത്യേക സാഹചര്യങ്ങൾ മൂലം അളവുകളിൽ ഉ ാകുന്ന വ്യതിയാനങ്ങൾക്കുള്ള അംഗീകാരം TS അനുമതി നൽകുന്ന ഉദ്യോഗസ്ഥർക്ക് തന്നെ നൽകാവുന്നതാണെന്ന് E.E. യോഗത്തിൽ സൂചിപ്പിച്ചു.

അജ കുറിപ്പിൽ വിവരിച്ചത് പ്രകാരം കരാറിലെ മറ്റ് വ്യവസ്ഥകൾക്ക് വ്യതിയാനമില്ലാതെ NRMB യുടെ ലഭ്യതക്കുറവ് മൂലം ലഭ്യമായ VG.30 ഉപയോഗിച്ച് ടാറിംഗ് പ്രവൃത്തിക്ക് അനുമതി നൽകിയ നടപടിയും Bituminous Macadam–ന്റെ അളവിൽ വ്യതിയാനം വന്ന വിവരങ്ങളും സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**46. തീരുമാനം നമ്പർ 46/2020–21**

*ജി.സി.ഡി.എ. – ധനകാര്യ വിഭാഗം – ദിവസ വേതന അടിസ്ഥാനത്തിൽ ജോലി നോക്കുന്ന ജീവനക്കാരുടെ വേതന വർദ്ധനവ് – സംബന്ധിച്ച്.*
*(3452/എഫ്.ഡി.3/2012/ജിസിഡിഎ)*

09.07.2019–ലെ ബഹു. സർക്കാർ ഉത്തരവ് പ്രകാരമുള്ള വേതന വർദ്ധനവ് മുൻകാല പ്രാബല്യത്തോടെ ദിവസ വേതനാടിസ്ഥാനത്തിൽ ജോലി നോക്കുന്ന ജീവനക്കാർക്ക് അനുവദിക്കുന്നതിന് തീരുമാനിച്ചു. ആയതിന് ശേഷം ബഹു. സർക്കാരിൽ നിന്നും അനുമതി ലഭ്യമാക്കുന്നതിനും തീരുമാനിച്ചു.

**47. തീരുമാനം നമ്പർ 47/2020–21**

*ജി.സി.ഡി.എ. – പൊതുഭരണ വിഭാഗം – എക്സിക്യൂട്ടീവ് അസിസ്റ്റന്റ് ശ്രീ. വി.എ. ഹാരിദ്–നെ 19.06.2019 മുതൽ നിയമിച്ചത് – തുടർ അംഗീകാരം – സംബന്ധിച്ച്.*
*(10922/ജി.3/2018/ജിസിഡിഎ)*

അതോറിറ്റിയിൽ എക്സിക്യൂട്ടീവ് അസിസ്റ്റന്റ് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. ഹാരിദ് വി.എ.–യുടെ സേവനം 19.06.2020 മുതൽ ഒരു വർഷത്തേക്കുകൂടി ദീർഘിപ്പിച്ച് നൽകുന്നതിന് തീരുമാനിച്ചു. കൂടാതെ 09.07.2019–ലെ സ.ഉ.(അച്ചടി) നമ്പർ 81/2019/ധന

ഉത്തരവിലെ കാറ്റഗറി VI–ന് സമാനമായ കരാർ വേതനം നൽകുന്നതിനും മുൻകാല പ്രാബല്യത്തോടെ തീരുമാനിച്ചു.

**48. തീരുമാനം നമ്പർ 48/2020–21**

*ജി.സി.ഡി.എ. – ജീവനക്കാര്യം – ശ്രീ. സുനിൽ എസ്., സീനിയർ ക്ലർക്കിന്റെ അന്യത്ര സേവന കാലാവധി ദീർഘിപ്പിക്കുന്നതിനായി നിരാക്ഷേപ സാക്ഷ്യപത്രം അനുവദിക്കുന്നത് – സംബന്ധിച്ച്.*
*(6222/എസ്റ്റാ.2/2012/ജിസിഡിഎ)*

അതോറിറ്റിയിൽ നിന്നും അന്യത്ര സേവന വ്യവസ്ഥയിൽ കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡിന്റെ തിരുവനന്തപുരം ജില്ലാ ഓഫീസിൽ ജോലി ചെയ്തുവരുന്ന ശ്രീ. സുനിൽ എസ്., സീനിയർ ക്ലർക്കിന്റെ സേവന കാലാവധി 14.08.2020 മുതൽ ദീർഘിപ്പിച്ച് നൽകുന്നതിന് അതോറിറ്റിയ്ക്ക് തടസ്സമില്ലായെന്നുള്ള നിരാക്ഷേപ സാക്ഷ്യപത്രം അനുവദിച്ച് നൽകുന്നതിന് തീരുമാനിച്ചു.

**49. തീരുമാനം നമ്പർ 49/2020–21**

*ജി.സി.ഡി.എ. – ധനകാര്യ വിഭാഗം – കരാർ അടിസ്ഥാനത്തിൽ അതോറിറ്റിയിൽ ജോലി നോക്കുന്ന കമ്പ്യൂട്ടർ പ്രോഗ്രാമറുടെ വേതന വർദ്ധനവ് – സംബന്ധിച്ച്.*
*(8506/എഫ്.ഡി.4/2008/ജിസിഡിഎ)*

അതോറിറ്റിയിൽ കരാർ അടിസ്ഥാനത്തിൽ സേവനം അനുഷ്ഠിക്കുന്ന കമ്പ്യൂട്ടർ പ്രോഗ്രാമർക്ക് സ.ഉ. നമ്പർ 81/2019/ധന തീയതി 09.07.2019 പ്രകാരമുള്ള വേതനമായ 21,850/– രൂപയായി വർദ്ധിപ്പിച്ച് നൽകുന്നതിന് തീരുമാനിച്ചു. ടിയാന്റെ സേവനത്തിന്റെ ആവശ്യകത വ്യക്തമാക്കി ബഹു. സർക്കാരിലേയ്ക്ക് കത്ത് നൽകി അംഗീകാരം ലഭ്യമാക്കുന്നതിനും തീരുമാനിച്ചു.

## അജ□ യ്ക്ക് പുറമെ നിന്നുള്ള ഇനം

**1. തീരുമാനം നമ്പർ 50/2020–21**

*ജി.സി.ഡി.എ. – ധനകാര്യ വിഭാഗം – ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കായി അതോറിറ്റി ഒരു കോടി രൂപ സംഭാവന നൽകിയത് – സാധൂകരണം – സംബന്ധിച്ച്.*
*(നം. 2480/എഫ്.ബി.1/2020/ജി.സി.ഡി.എ.)*

സംസ്ഥാനത്ത് കോവിഡ്–19 പകർച്ച വ്യാധിയുടെ പശ്ചാത്തലത്തിൽ ഉടലെടുത്ത സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനായി ജിസിഡിഎയുടെ തനത് ഫ ൽ നിന്നും ഒരു കോടി രൂപ ബഹു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് നൽകിയ നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

**2. തീരുമാനം നമ്പർ 51/2020–21**

*ജി.സി.ഡി.എ. - എസ്റ്റേറ്റ് വിഭാഗം - മറൈൻ ഡ്രൈവ് വാണിജ്യ സമുച്ചയത്തിലെ ഓഫീസ് മുറി ഒ.എസ്.-14 ഉപയോഗ യോഗ്യമാക്കുന്നതിന് അതോറിറ്റിയുടെ അനുവാദത്തോടെ നടത്തിയ പ്രവൃത്തിക്കായി ചെലവായ 20,000/- രൂപ വാടകയിൽ ഇളവ് ചെയ്യുന്നതിനുള്ള ഉത്തരവ് സാധൂകരണം - സംബന്ധിച്ച്.*
*(നം. 576/എസ്റ്റേറ്റ്/ബി.4/2020/ജി.സി.ഡി.എ.)*

മെ. ആഷ്ടെൽ മൊബൈൽസ് പ്രൈവറ്റ് ലിമിറ്റഡിന് അനുവദിച്ച് നൽകിയിട്ടുള്ള മറൈൻ ഡ്രൈവ് വാണിജ്യ സമുച്ചയത്തിലെ ഓഫീസ് മുറി ഒ.എസ്.-14 ഉപയോഗ യോഗ്യമാക്കുന്നതിന് അതോറിറ്റിയുടെ അനുവാദത്തോടെ ടി സ്ഥാപനം നടത്തിയ പ്രവർത്തിക്ക് ചെലവായ ടാക്സ് അടക്കം 20,000/- രൂപ ടി സ്ഥാപനത്തിന്റെ മാസവാടകയിൽ നിന്നും ഇളവ് ചെയ്ത നടപടി സാധൂകരിക്കുന്നതിന് തീരുമാനിച്ചു.

യോഗം 1.00 പി.എം.-ന് അവസാനിച്ചു.

(ഒപ്പ്)
ചെയർമാൻ
വിശാല കൊച്ചി വികസന അതോറിറ്റി